(സി & ഡി) കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ആസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റോസ് ഫൗണ്ടേഷൻ എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് കേരളത്തിലെ ആത്മഹത്യാനിരക്കിനെയും, അതിനെ നേരിടാൻ ഇന്ന് നിലവിലുള്ള സംവിധാനത്തെയും വിലയിരുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണതയെ ചെറുക്കുന്നതിനായുള്ള ഒരു കരട് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണത്തുകോണത്തു വീട്ടിൽ ഭാർഗ്ഗവിയമ്മയുടെ മരണം

82 (3272) ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ, കുടവൂർ, കണ്ണയത്തുകോണത്ത് വീട്ടിൽ ഭാർഗ്ഗവിയമ്മയുടെ മരണം സംബന്ധിച്ചുള്ള അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഏറ്റെടുത്തത് ;

(ബി) ഈ കേസ് അന്വേഷണത്തിന് പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്, 28-1-2000-ൽ

(ബി) ഭാർഗ്ഗവി അമ്മയുടെ കൊലപാതകം സംബന്ധിച്ച് കിളിമാനൂർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 44/99, 28-1-2000-ൽ ക്രൈം ബ്രാഞ്ച് 48/സി ആർ. 2000/നമ്പരായി റീനമ്പർ ചെയ്ത ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ ഡിറ്റക്ടീവ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

ബ്യൂഗ്ലർ ബാന്റ് വിഭാഗം പോലീസുകാർക്ക് പ്രൊമോഷൻ

83 (3273) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ആംഡ് ബറ്റാലിയനിലെയും ആംഡ് റിസർവിലെയും ബ്യൂഗ്ലർ/ബാന്റ് വിഭാഗം പോലീസുകാർക്ക് പ്രൊമോഷൻ സാദ്ധ്യതയില്ലാത്തതിനാൽ ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് സർവ്വീസ് ദൈർഘ്യം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ ഗ്രേഡിനും സർവ്വീസ് എത്രയെന്നും നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഈ വ്യവസ്ഥയനുസരിച്ച് ബറ്റാലിയനിലും ആംഡ് റിസർവ്വിലും 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്ര പേർക്ക് രണ്ടാമത്തെ ഗ്രേഡ് നൽകിയിട്ടുണ്ട് ; ഇത് ഏത് സ്കെയിലിലാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly